"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് KURDFC- യിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2453/2024/LSGD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. 29/7/2009 ലെ GO(Ms)No. 147/2009/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
2. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 20/06/2024 തീയതിയിൽ നടന്ന സാധാരണ മീറ്റിംഗിലെ 1 (5) നമ്പർ തീരുമാനം
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.08.2024 തീയതിയിലെ LSGD/PD/29417/2024-CSSA4 നമ്പർ കത്ത്
4. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 18/11/2024 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 5(1) നമ്പർ തീരുമാനം
5. നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18/11/2024 തീയതിയിലെ 3531/24 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരം 4,65,70,000/- രൂപ ആവശ്യമാണെന്നും ഈ പദ്ധതി ഒരു ബഹു വർഷ പദ്ധതിയായി തനത് ഫണ്ടിൽ നിന്ന് 2,50,00,000/ രൂപയും KURDFC യിൽ നിന്ന് 2,15,70,000/- രൂപയും വായ്പ എടുത്ത് പൂർത്തീകരിക്കുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കണമെന്ന പഞ്ചായത്ത് സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിട നിർമ്മാണത്തിനായി 2,15,70,000/- രൂപ KURDFC യിൽ നിന്ന് ലോൺ എടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (4) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് KURDFC യിൽ നിന്ന് **2,15,70,000/-രൂപ (രണ്ട് കോടി പതിനഞ്ച്**

**ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം**) വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്
സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ (ഡിബി1/370/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 13-12-2024 16:21:09